പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1196 — 03.12.2018- ൽ മറുപടിക്ക്

**എകരൂർ-കക്കയം- ഡാം സൈറ്റ് റോഡ് നവീകരണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | കക്കയം ഡാം സൈറ്റിലേക്കുള്ള പ്രധാന റോഡായ എകരൂർ-കക്കയം- ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും: എകരൂൽ-കക്കയം-ഡാം സൈറ്റ് റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന പ്രൊപ്പോസൽ PWD-PS2-78/2018 നം. ഫയലിൽ നടപടി സ്വീകരിച്ച് വന്നതും പിന്നീട് പരിഗണിക്കാവുന്നതാണ് എന്ന തീരുമാനം കൈക്കൊണ്ടിരുന്നതുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ഒരു പ്രവൃത്തിക്കു പകരമായി എകരൂൽ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരണം ഉൾപ്പെടുത്തുന്നതിനുള്ള മറ്റൊരു പ്രൊപ്പോസൽ നിലവിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | എകരൂർ-കക്കയം-ഡാം സൈറ്റ് റോഡിന്റെ നവീകരണത്തിനായി ഇപ്പോൾ സെക്രട്ടേറിയേറ്റിലുള്ള ഫയലിൽ (PWD-PS2-78/2018) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | |
| (സി) | കക്കയത്തേക്കുള്ള പ്രധാന പാതയായ ഇ.കെ.ഡി. റോഡ് നവീകരിക്കുന്നതിന് എത്ര കോടി രൂപയാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) പ്രസ്തുത റോഡ് നവീകരണത്തിനായി 100 കോടി രൂപയോളം ആവശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ